# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1084 — 05.03.2018 -ൽ മറുപടിക്ക്

## വില്ലേജുകളുടെയും താലൂക്കുകളുടെയും വിഭജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ജനസംഖ്യാനുപാതികമായി സംസ്ഥാനത്തെ റവന്യൂ വില്ലേജുകളും താലൂക്കുകളും വിഭജിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br><br>(ബി) എങ്കിൽ ഏതെല്ലാം താലൂക്കുകളും വില്ലേജുകളുമാണ് വിഭജിക്കാൻ ഉദ്ദേശിക്കുന്നത്; പുതുതായി രൂപീകരിക്കുന്നവയുടെ എണ്ണമെത്ര; വിശദാംശം നൽകുമോ;<br><br>(സി) ഭരണപരമായ സൗകര്യങ്ങൾക്കായി, ജനസംഖ്യാടിസ്ഥാനത്തിൽ സംസ്ഥാനത്തെ വില്ലേജുകളും താലൂക്കുകളും വിഭജിച്ച് സാമൂഹിക നീതി ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും<br>വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഗ്രൂപ്പ് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.<br>2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തൃശ്ശൂർ ജില്ലയിലെ കുന്നംകുളവും, കണ്ണൂർ ജില്ലയിലെ പയ്യന്നൂരും ആസ്ഥാനമാക്കി പുതിയ താലൂക്കുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മറ്റ് സ്ഥലങ്ങളിൽ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചു വരികയാണ്. പ്രസ്തുത വിഷയത്തിൽ തീരുമാനമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ